**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മലബാർ പ്രദേശത്തെ ഏറ്റവും വലിയ ഫുട്ബോൾ വേദിയായ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം സാഹസിക ബൈക്ക് മത്സരം നടത്തുന്നതിനായി വിട്ടു നൽകിയതിനെ തുടർന്ന് തകർന്ന നിലയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് കോർപ്പറേഷൻ ഇ.എം.എസ് സ്റ്റേഡിയം തകർന്ന നിലയിലല്ല. ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് . ആയതു ശ്രദ്ധയിൽപെട്ട ഉടൻ തന്നെ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സംഘം സ്റ്റേഡിയത്തിൽ നേരിട്ട് പരിശോധന നടത്തുകയും ബന്ധപ്പെട്ടവർക്ക് കേടുപാടുകൾ പരിഹരിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്റ്റേഡിയം ബൈക്ക് റേസിംഗിന് വിട്ടു നൽകുമ്പോൾ അതേ ഗുണനിലവാരത്തിൽ തന്നെ തിരികെ നൽകണമെന്ന കരാർ ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം നടത്തിപ്പും പരിപാലനത്തിനുമായി കൗൺസിൽ തീരുമാന പ്രകാരം കേരള ഫുട്ബോൾ അസോസിയേഷന് കൈമാറി 6/11/2025 ന് കേരള ഫുട്ബോൾ അസോസിയേഷനുമായി ഉടമ്പടിയിൽ എർപ്പെട്ടിട്ടുള്ളതാണ്. കേരള ഫുട്ബോൾ അസോസിയേഷനുമായി ഏർപ്പെട്ട ഉടമ്പടി പ്രകാരം സ്റ്റേഡിയം മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കുന്നതിന് ലൈസൻസി ബാധ്യസ്ഥമാണ്. സ്റ്റേഡിയം നിലവിൽ പരിപാലിക്കുന്നതും ഉപയോഗിക്കുന്നതും കേരള ഫുട്ബോൾ അസോസിയേഷനാണ്.<br><br>കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ NOC പ്രകാരമാണ് ഇന്ത്യൻ സൂപ്പർ ക്രോസ് റേസിംഗ് ലീഗിന് അനുമതി നൽകിയിട്ടുള്ളത്. കേടുപാടുകൾ ശ്രദ്ധയിൽപെട്ട ഉടൻ തന്നെ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സംഘം സ്റ്റേഡിയത്തിൽ നേരിട്ട് പരിശോധന നടത്തുകയും ബന്ധപ്പെട്ട കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടികൾ എടുത്തിരുന്നു . |
| (സി) | കരാർ ലംഘനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (സി) | കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം നടത്തിപ്പും പരിപാലനത്തിനുമായി |

| | | | |
|---|---|---|---|
| | | | കൗൺസിൽ തീരുമാന പ്രകാരം കേരള ഫുട്ബോൾ അസോസിയേഷന് കൈമാറി 6/11/2025 ന് കേരള ഫുട്ബോൾ അസോസിയേഷനുമായി ഉടമ്പടിയിൽ എർപ്പെട്ടിട്ടുള്ളതാണ്. കേരള ഫുട്ബോൾ അസോസിയേഷനുമായി ഏർപ്പെട്ട ഉടമ്പടി പ്രകാരം സ്റ്റേഡിയം മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കുന്നതിന് ലൈസൻസി ബാധ്യസ്ഥമാണ്. സ്റ്റേഡിയം നിലവിൽ പരിപാലിക്കുന്നതും ഉപയോഗിക്കുന്നതും കേരള ഫുട്ബോൾ അസോസിയേഷനാണ്.<br><br>കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ NOC പ്രകാരമാണ് ഇന്ത്യൻ സൂപ്പർ ക്രോസ് റേസിംഗ് ലീഗിന് അനുമതി നൽകിയിട്ടുള്ളത്. കേടുപാടുകൾ ശ്രദ്ധയിൽപെട്ട ഉടൻ തന്നെ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സംഘം സ്റ്റേഡിയത്തിൽ നേരിട്ട് പരിശോധന നടത്തുകയും ബന്ധപ്പെട്ട കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടികൾ എടുത്തിരുന്നു . |
| (ഡി) | ഫുട്ബോൾ ആരാധകരുടെയും കായിക താരങ്ങളുടെയും ആശങ്ക പരിഹരിക്കാൻ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സ്റ്റേഡിയം പൂർവ്വ സ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഫുട്ബോൾ ആരാധകരും കായിക താരങ്ങളും ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. 22-2-2026 ന് പ്രസ്തുത സ്റ്റേഡിയത്തിൽ ഇന്ത്യൻ സൂപ്പർ ലീഗ് മത്സരം ആരംഭിക്കുന്നതിനും ; ആദ്യ ദിവസം മോഹൻ ബഗാൻ കേരള ബ്ലാസ്റ്റേഴ്സ് ടീമുകളുടെ മത്സരത്തിനുമുള്ള തയാറെടുപ്പുകൾ തുടർന്ന് വരുന്നു . |

സെക്ഷൻ ഓഫീസർ